# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.**6002** 28.10.2011- ൽ മറുപടിയ്ക്ക്

## <u>പി.എസ്.സി നിയമന സൂക്ഷ്മ പരിശോധന</u>

ചോദ്യം :

ശ്രീ. വി.റ്റി ബൽറാം
ശ്രീ. പി.സി വിഷ്ണുനാഥ്
ശ്രീ. എം.എ വാഹീദ്
ശ്രീ. പി.എ മാധവൻ

ഉത്തരം :

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു : മുഖ്യമന്ത്രി

(എ). പി.എസ്.സി നിയമന സൂക്ഷ്മ പരിശോധനയ്ക്കായി എന്തെല്ലാം കർമ്മ പരിപാടികൾ ആണ് ആരംഭിക്കാനുദ്ദേശിക്കുന്നത് ;

ബി). ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് ; സമയ ബന്ധിതമായി ഇവ പൂർത്തിയാക്കുമോ ?

(എ&ബി) വയനാട് ജില്ലയിൽ പി.എസ്.സി നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നതായ റിപ്പോർട്ടുകളെ തുടർന്ന് സർക്കാരിന്റെ എല്ലാ വകുപ്പുകളിലും 1.01.2001 മുതൽ 31.12.2010 വരെ പി. എസ്. സി മുഖേന നടന്നിട്ടുള്ള നിയമനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനായി 14.12.2010 ലെ ജി.ഒ.(പി) നമ്പർ 40/10/ഉ.ഭ.പ.വ പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിൽ സ്പെഷ്യൽ സെൽ രൂപീകരിച്ചു. പ്രസ്തുത സെൽ റവന്യൂ, വനം എന്നീ വകുപ്പുകളിലെ കഴിഞ്ഞ 10 വർഷത്തെ നിയമന പരിശോധന ഇതിനോടകം തന്നെ പൂർത്തിയായിട്ടുണ്ട്

കൂടാതെ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിനു പുറമേ പി.എസ്.സിയുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ